**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,**
**തിരുവനന്തപുരം.**

ഹാജർ : ജസ്റ്റിസ് ശ്രീ അലക്സാണ്ടർ തോമസ്,
ബഹു. ചെയർപേഴ്സൺ.

**<u>എച്ച്.ആർ.എം.പി.നമ്പർ : 8172/11/12/2024/റ്റി.വി.എം.</u>**

ഹർജിക്കാരി : ഷെഹ്ബാൻ.എ, Proprietor, Travancore Traders
കോട്ടപ്പുറം, കൊല്ലോട്.പി.ഒ, തിരുവനന്തപുരം- 71.

എതിർകക്ഷി :.

**<u>ഉത്തരവ് തിയതി : 08-05-2025</u>**

Kerala Artisans Development Corporation (KADCO) യുടെ furniture supplier ആയി ഹർജിക്കാരി നടത്തുന്ന Travancore Traders എന്ന സ്ഥാപനവും empanel ചെയ്തിട്ടുണ്ടെന്നും 2013-2015 കാലയളവിൽ KADCO യിൽ നിന്നും ലഭിച്ച work order പ്രകാരം പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ ഓഫീസിൽ 1,97,656/- രൂപയുടെ ഫർണ്ണിച്ചർ സപ്ലൈ ചെയ്തെന്നും എന്നാൽ ആയതിന്റെ 31-10-2013 തിയതിയിലെ 108, 109 ബില്ല് പ്രകാരമുള്ള തുകകൾ നാളിതുവരെ ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ബാങ്ക് ലോൺ അടക്കാൻ നിർവ്വാഹമില്ലെന്നും ബാങ്കിൽ നിന്നും ജപ്തി നടപടി നോട്ടീസ് ലഭിച്ചെന്നും ആയതിനാൽ നാളിതുവരെയുള്ള പലിശ സഹിതം ടി ബിൽ തുക ലഭിക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്നുമാണ് ആവലാതി.

2. പരാതിയിന്മേൽ KADCO Managing Director 24-2-2025 തിയതിയിലെ റിപ്പോർട്ട് സമർപ്പിച്ചു. 2013-14 സമ്പത്തിക വർഷത്തിൽ KADCO യുടെ empanel unit ആയ M/s Shahnaz Trading Company മുഖേന ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ വിവിധ വകുപ്പുകൾക്ക് 9,46,430/- രൂപയുടെ ഫർണ്ണിച്ചറുകൾ സപ്ലൈ ചെയ്തതിൽ 2,09,584/- രൂപ മാത്രമെ കാഡ്കോയ്ക്ക് ലഭ്യമായിട്ടുള്ളുവെന്നും ബാക്കി 7,36,846/- രൂപ ഇനിയും കിട്ടാനുണ്ടെന്നും കാഡ്കോ സമർപ്പിച്ചിരുന്ന Invoice No.41,43,52,54,55,56,57,58,59,60,74,79 പ്രകാരമുള്ള ഫർണ്ണിച്ചറുകൾ House Keeping Cell-B മുഖേന വാങ്ങി നൽകിയവയല്ലെന്നും ആയതിനാൽ നടപടിക്രമങ്ങൾ പാലിക്കാതെ മന്ത്രി ഓഫീസുകളിൽ നിന്നുള്ള അനൗദ്യോഗിക നിർദ്ദേശപ്രകാരം ഫർണ്ണിച്ചർ സപ്ലൈ ചെയ്യുകയും സപ്ലൈ ഓർഡറുകളോ, സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളോ, ഇല്ലാതിരിക്കെ സർക്കാർ രേഖകൾ പ്രകാരം സ്റ്റോക്കിൽ ഇല്ലാത്ത സാധനങ്ങൾക്ക് തുക അനുവദിക്കണമെന്ന കിഡ്കോയുടെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്നും സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ നിന്നും അറിയിച്ചെന്നും ടി തുക കിട്ടാത്തതുകാരണം ഹർജിക്കാരിക്ക് തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ലെന്നുമാണ് റിപ്പോർട്ട്

3. കേസ് പരിഗണനക്ക് എടുത്ത സമയം ഹർജിക്കാരി ഹാജരായി KADCO യുടെ മേൽ റിപ്പോർട്ടിനെതിരെ രേഖാമൂലം ആക്ഷേപം സമർപ്പിച്ചു. KADCO യിൽ നിന്നും ലഭിച്ച work order പ്രകാരമാണ് താൻ ഗവൺമെൻറ് സെക്രട്ടറിയേറ്റിൽ ഫർണ്ണിച്ചർ സപ്ലൈ ചെയ്തതെന്നും അതിനാൽ ബിൽ തുക നൽകേണ്ടത് KADCO യുടെ ഉത്തരവാദിത്തമാണെന്നും 70 വയസുള്ള വിധവയും ഹൃദ്രോഗിയുമായ തനിക്ക് അടിയന്തിരമായി ആഞ്ചിയോപ്ലാസ്റ്റി ചെയ്യേണ്ടതുണ്ടെന്നും അതിന് പണമില്ലെന്നും KADCO യിൽ നിന്നും ബിൽ തുകയുടെ 90% അനുവദിച്ചു കിട്ടുന്നതിനുള്ള നടപടി ഉണ്ടാകണമെന്നും ബാക്കി 10% തുക സെക്രട്ടറിയേറ്റിൽ നിന്നും ബില്ല് പാസായി KADCO ക്ക് ലഭിക്കുന്ന മുറയ്ക്ക് നൽകിയാൽ മതിയെന്നും ആക്ഷേപത്തിൽ പറയുന്നു..

4. സപ്ലൈ ഓർഡറില്ലാതെ അനധികൃത നിർദ്ദേശത്തിൻെറ അടിസ്ഥാനത്തിൽ സപ്ലൈ ചെയ്തിട്ടുള്ള ഫർണ്ണിച്ചറാണെന്ന് പറഞ്ഞ് ഗവ. സെക്രട്ടറിയേറ്റിൽ നിന്നും തുക അനുവദിക്കാത്തതുകൊണ്ടാണ് ഹർജിക്കാരിക്ക് പണം കൊടുക്കാൻ സാധിക്കാത്തതെന്നാണ് കാഡ്കോയുടെ വിശദീകരണം. എന്നാൽ വർക്ക് ഓർഡർ പ്രകാരമാണ് താൻ ഫർണ്ണിച്ചർ സപ്ലൈ ചെയ്തിട്ടുള്ളതെന്നാണ് ഹർജിക്കാരിയുടെ വാദം.

5. ഈ സാഹചര്യത്തിൽ ഹർജിക്കാരി സപ്ലൈ ചെയ്തിട്ടുള്ള ഫർണ്ണിച്ചറുകളുടെ വർക്ക് ഓർഡറും മറ്റു രേഖകളും സഹിതം വ്യക്തമായ നിവേദനം പൊതു ഭരണ (ഹൗസ് കീപിംഗ് സെൽ-ബി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറിക്ക് കൊടുക്കുക. അതിൻെറ ഒരു പകർപ്പ് കാഡ്കോ മാനേജിംഗ് ഡയറക്ടർക്കും കൊടുക്കുക. അപ്രകാരം നിവേദനം ലഭിച്ചാൽ ഹർജിക്കാരിയെയും കാഡ്കോ അധികാരികളെയും നേരിൽ കേട്ടും പ്രസ്തുത രേഖകളെല്ലാം പരിശോധിച്ച് ഹർജിക്കാരിക്ക് അർഹതപ്പെട്ട പണം ലഭ്യമാക്കുന്ന കാര്യത്തിൽ കാലതാമസം കൂടതെ നിയമാനുസരണമുള്ള തീരുമാനമെടുത്ത് വിവരം രേഖാമൂലം ഹർജിക്കാരിയെയും കാഡ്കോ മാനേജിംഗ് ഡയറക്ടറെയും അറിയിക്കണം. പ്രസ്തുത തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ കാഡ്കോ മാനേജിംഗ് ഡയറക്ടർ ആവശ്യമായ നടപടികൾ സ്വീകരിച്ച് പരാതിക്ക് പരിഹാരം കാണണം. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളോടെ ഈ പരാതി കമ്മീഷൻ തീർപ്പാക്കുന്നു. ഹർജിക്കാരിക്കും കാഡ്കോ മാനേജിംഗ് ഡയറക്ടർക്കും പൊതു ഭരണ (ഹൗസ് കീപ്പിംഗ് സെൽ-ബി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറിക്കും ഈ ഉത്തരവിൻെറ പകർപ്പ് അയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ

j/